# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6941 — 02/11/2011 ന് മറുപടിയ്ക്ക്

### കൈവശാവകാശ രേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്

(എ) റവന്യു വകുപ്പിൽ കൈവശാവകാശ രേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നീ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൈവശാവകാശരേഖ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി ശ്രീ.ശ്രീകണ്ഠൻ, ആവണി, മാമ്പഴക്കര, പെരുമ്പഴുതൂർ, ശ്രീ.ശ്രീകുമാർ, ശ്രീസദനം, ഇടത്തറ, ശ്രീ.രാജശേഖരൻ നായർ, പ്രണവം, മാമ്പഴക്കര, ശ്രീമതി പത്മകുമാരി, പി.കെ.സദനം,മാമ്പഴക്കര, എന്നിവർ തിരുവനന്തപുരം ജില്ലയിലെ പെരുമ്പഴുതൂർ വില്ലേജാഫീസിൽ അപേക്ഷ നൽകിയത് എന്നാണെന്നും, എന്തുകൊണ്ടാണ് നാളിതുവരെ സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്നും വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) റവന്യു വകുപ്പിൽ കൈവശാവകാശ രേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നീ സർട്ടിഫിക്കറ്റുകൾ നിലവിൽ നൽകുന്നത് വില്ലേജ് ഓഫീസർ ആണ്.

(ബി) കൈവശാവകാശരേഖ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി ശ്രീ. ശ്രീകണ്ഠൻ 17/08/2011 ലും ശ്രീ. ശ്രീകുമാർ 20/08/2011 ലും ശ്രീമതി പത്മകുമാരി 18/07/2011 ലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.രാജശേഖരൻ നായർ നാളിതുവരെ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

അപേക്ഷകൾക്കാസ്പദമായ സ്ഥലങ്ങളിലും സമീപ വസ്തുക്കളിലും പാറ ഖനനത്തിന് ആവശ്യം വേണ്ടുന്ന ലൈസൻസ്/പെർമിറ്റ് കൂടാതെയും സുരക്ഷിതത്വ സംവിധാനങ്ങൾ ഇല്ലാതെയും വെടിമരുന്നുപയോഗിച്ച് അപകടകരമായ രീതിയിൽ അനധികൃതമായി പ്രവർത്തിച്ചു വന്ന 13 ക്വാറികൾ ഉണ്ട്. അവ ഉദ്ദേശം 60 മീറ്ററോളം താഴ്ചയിൽ കീഴ്ക്കാന്തൂക്കായി പാറപൊട്ടിച്ചു വന്നിരുന്നതും, ടി ക്വാറികളുടെ വശങ്ങളിലും മുകൾഭാഗത്തും ഉയർന്നു നിൽക്കുന്ന പാറയും, മണ്ണും ഇടിഞ്ഞു വീണ് നിരവധി ആൾക്കാർക്ക് അപകടം സംഭവിച്ചിട്ടുള്ളതുമാണ്. ഇതിൽ രണ്ട് പാറത്തൊഴിലാളികൾ ഉൾപ്പെടെ 3 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതും, ടി പാറ ക്വാറികൾക്ക് സമീപം താമസിക്കുന്നവരുടെ നിരവധി പരാതികളും സമീപത്തുള്ള ക്ഷേത്രകമ്മിറ്റിയുടെ പരാതിയും നിലവിലുണ്ട്. ഇക്കാരണങ്ങളാൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ

17/10/2005 ന് ടി ക്വാറികളുടെ പ്രവർത്തനം നിറുത്തൽ ചെയ്ത് ഉത്തരവായിരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടർ 9/06/2011 ൽ ടി ക്വാറികളുടെ പ്രവർത്തനം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിനെ തുടർന്ന് നിറുത്തി വച്ചിരുന്ന ടി അനധികൃത പാറ ഖനനം അതിരാവിലെയും രാത്രി സമയങ്ങളിലും വീണ്ടും ആവർത്തിച്ചു വന്നതിനാൽ ടി അനധികൃത ഖനനത്തിൽ ഏർപ്പെടുന്നവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ചു എഫ്.ഐ.ആർ. ന്റെ പകർപ്പ് നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ സമർപ്പിക്കാൻ നെയ്യാറ്റിൻകര പോലീസ് സബ് ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ടി കക്ഷികൾ പെരുമ്പഴുതൂർ വില്ലേജ് ആഫീസിൽ ടി അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടി കക്ഷികൾക്ക് അവർ ആവശ്യപ്പെട്ട കൈവശാവകാശ രേഖ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ എന്നിവ നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് 25/08/2011 ന് റവന്യൂ ഡിവിഷണൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയത്തിൽ വസ്തു സർക്കാർ പതിച്ച് നൽകിയതാണോ അതോ വിലയാധാരമാണോയെന്നും, പട്ടയവും കരം തീരുവയും ആരുടെ പേരിലാണെന്നും വ്യക്തമാക്കുമോ ; | (സി) | പ്രസ്തുത വിഷയത്തിലെ വസ്തു വിലയാധാര പ്രകാരം സിദ്ധിച്ചിട്ടുള്ളതും മേൽ പറഞ്ഞ കക്ഷികളുടെ പേരിൽ പട്ടയവും കരം തീരുവയും ഉള്ളതുമാകുന്നു. |
| (ഡി) | ഉമടമസ്ഥത സംബന്ധിച്ച് ഏതെങ്കിലും തർക്കമോ, പരാതിയോ, കോടതി ഉത്തരവുകളോ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് വിലക്ക് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | ഉമടമസ്ഥത സംബന്ധിച്ച് ഏതെങ്കിലും തർക്കമോ, പരാതിയോ, കോടതി ഉത്തരവുകളോ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് വിലക്ക് കൽപ്പിച്ചിട്ടില്ല. |
| (ഇ) | വസ്തുഉടമ ആവശ്യപ്പെട്ടിരിക്കുന്നതും, നിയമപരമായി അവകാശപ്പെട്ടതുമായ സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി നൽകുന്നതിന് നിർദ്ദേശം നൽകുമോ യെന്ന് വ്യക്തമാക്കുമോ ? | (ഇ) | ആർ.ഡി.ഒ. യിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ